ട്രഷറി നിയന്ത്രണ ഉത്തരവുകൾ

13 [2168] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരമേറ്റശേഷം സംസ്ഥാനത്ത് ഗവൺമെൻറ് ട്രെഷറി പേയ്മെൻറ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ വർഷങ്ങളും തവണകളും വിശദീകരിക്കാമോ;

(ബി) ഓരോ തവണയും നിയന്ത്രണമേർപ്പെടുത്തുമ്പോൾ ഏതേതു ഇനങ്ങളിലെ പേയ്മെൻറുകൾക്കാണ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഇങ്ങനെ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനുണ്ടായ കാരണം വിശദീകരിക്കാമോ;

(ഡി) 1991 ഫെബ്രുവരി 28-ന്റെ നിലവെച്ച് സംസ്ഥാന ട്രെഷറി എത്ര ഇനങ്ങളിലായിട്ടുള്ള പേയ്മെൻറുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) എന്നാണ് ഈ നിയന്ത്രണങ്ങൾ പൂർണ്ണമായും പിൻവലിക്കുക?

ഉത്തരം

(എ) 1987-88-ൽ ഒരു തവണ (26-12-1987-ലെ 1114 നമ്പർ ഉത്തരവു പ്രകാരം)

1988-89-ൽ നാലു തവണ
1989-90-ൽ നാലു തവണ
1990-91-ൽ അഞ്ചു തവണ
1991-92-ൽ ഒരു തവണ

(ബി) ശമ്പളം, പെൻഷൻ, ഗ്രാറ്റുവിറ്റി, അലവൻസുകൾ തുടങ്ങി വളരെ പ്രധാനപ്പെട്ട ഇനങ്ങൾ ഒഴികെയുള്ള ചെലവുകൾക്ക് നിയന്ത്രണം ബാധകമായിട്ടുണ്ട്. നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ലാത്ത ഇനം പേയ്മെൻറുകളുടെ ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.†

(സി) റിസർവ്വ് ബാങ്കിൽ നിന്നുള്ള ഓവർ ഡ്രാഫ്റ്റ് ഒഴിവാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ട്രെഷറി പേയ്മെൻറിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്. ഇന്നത്തെ ചട്ടമനുസരിച്ച് റിസർവ് ബാങ്ക് പരമാവധി 7 ദിവസം മാത്രമേ ഓവർ ഡ്രാഫ്റ്റ് അനുവദിക്കൂ. ഏഴ് ദിവസം കഴിഞ്ഞാൽ ട്രെഷറികളിൽ നിന്നുള്ള പേയ്മെൻറ് തടയും. അത് ഒഴിവാക്കാൻ ട്രെഷറി പേയ്മെൻറുകളിൽ നിയന്ത്രണം അത്യാവശ്യമാണ്.

(ഡി) 1991 ഫെബ്രുവരി 28-ന് പേയ്മെൻറുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നില്ല.

(ഇ) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ചു നിയന്ത്രണം പിൻവലിക്കാനാകും.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly